പുതിയ അഗ്നിശമന സ്റ്റേഷനുകൾ

113 [116] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൂടുതൽ അഗ്നിശമന സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പുതുതായി പരിഗണിക്കുന്ന സ്റ്റേഷനുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ച് വിശദവിവരം വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലയിൽ പാനൂരിന്റെ കിഴക്കുഭാഗത്ത് കല്ലിക്കണ്ടി പ്രദേശത്ത് അനുവദിക്കുന്ന അഗ്നിശമന സ്റ്റേഷന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) 28-10-2003-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 2060/2003/ആഭ്യന്തരം പ്രകാരം കേരളത്തിൽ വരുന്ന മൂന്നു വർഷത്തേക്ക് തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പ്രസ്തുത ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 28-10-2003-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 2060/2003/ആഭ്യന്തരം പ്രകാരം അംഗീകരിച്ച് പുതുതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ കല്ലിക്കണ്ടി ഉൾപ്പെടുത്തിയിട്ടില്ല.

ആലപ്പുഴ സ്പെഷ്യൽ സബ് ജയിലിന്റെ നിർമ്മാണം

114 [117] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്പെഷ്യൽ സബ് ജയിലിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ;

(ബി) എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഈ പണിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഭരണാനുമതി നൽകി ഈ പണി അടിയന്തിരമായി തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 265 ലക്ഷം രൂപ.

(സി ആന്റ് ഡി) ജയിൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പോലീസ് വകുപ്പിൽ നിന്നും ഇതുവരെ വിട്ടുകിട്ടിയിട്ടില്ല. സ്ഥലം ലഭ്യമായാൽ ഭരണാനുമതി നൽകി പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly